# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2993

### 18-10-2016 ലെ മറുപടിക്ക്

**ജില്ലാ മുഖ്യ പശ്ചാത്തല വികസന പദ്ധതി**

| ചോദ്യം<br>ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| ജില്ലാ മുഖ്യ പശ്ചാത്തല വികസന പദ്ധതിയിൽ പണം കണ്ടെത്താൻ പ്രവാസികളുടെയും നാട്ടിലുള്ള വ്യവസായികളുടെയും പങ്ക് ഉറപ്പ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ 22 മുതൽ 27 വരെയുള്ള ഖണ്ഡങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി വഴി പൊതു വിപണിയിൽ നിന്നും നൂതന സാമ്പത്തിക ഉപകരണങ്ങളായ AIF, InVIT എന്നിവ മുഖേനയും ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ ഉപയോഗപ്പെടുത്തിയും പണം കണ്ടെത്തുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഇതോടൊപ്പം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനായി ഡിസ്ട്രിക്റ്റ് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് (DFIP) പ്രഖ്യാപിക്കുകയും അതിൻപ്രകാരമുള്ള 14 പദ്ധതികൾക്കായി പൊതു വിപണിയിൽ നിന്നും കണ്ടെത്തുന്ന പണത്തിൽ നിന്നും 1400 കോടി രൂപ അനുവദിക്കുന്നതാണെന്നും പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ 2016-17 ലെ ആദ്യ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 123 പ്രകാരം കേരളത്തിൽ വിൽക്കുന്ന പെട്രോളിന്റെയും ഡീസലിന്റെയും വിൽപ്പനയിലേർപ്പെടുത്തിയ അധിക നികുതി വരുമാനമാണ് ഈ പദ്ധതി |

| | |
|---|---|
| | നടപ്പിലാക്കുന്നതിനായി നീക്കി വച്ചിരിക്കുന്നത് എന്നും പി.പി.പി, ആന്വിറ്റി മോഡലിലും നബാർഡിന്റെ ലോൺ ഉപയോഗിച്ചുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് എന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്രകാരം വ്യക്തമായ ധനാഗമ മാർഗമാണ് ടി പദ്ധതിക്കായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 2-ാം മാന്ദ്യ വിരുദ്ധ പാക്കേജ് പ്രകാരമുള്ള അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പാക്കുന്നത്. DFIP ഇതിന്റെ ഭാഗമല്ല. നിലവിൽ DFIP പദ്ധതി നടപ്പിലാക്കുന്നത് കേരള റോഡ് ഫണ്ട് ബോർഡാണ്. |

**സെക്ഷൻ ഓഫീസർ**